പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2967 — 13-07-2015 – ൽ മറുപടിയ്ക്ക്

**അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി രക്ഷാബോട്ട്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പ്രദീപ്കുമാർ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | കൊയിലാണ്ടി-വടകര ഭാഗങ്ങളിലെ കടലിൽ അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷക്കായി ബേപ്പൂർ ബേസിൽ നിന്നും രക്ഷാബോട്ട് അയക്കുന്നത് പ്രായോഗികമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2012 മുതൽ കൊയിലാണ്ടി-വടകര (ചോമ്പാല ഹാർബർ) എന്നിവിടങ്ങളിലെ കടൽരക്ഷാ പ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി മൺസൂൺ/ട്രോൾബാൻ കാലയളവിൽ ഒരു വാടക ബോട്ട് കൊയിലാണ്ടി കേന്ദ്രീകരിച്ചും ഒരു ഒ.ബി.എം. ഘടിപ്പിച്ച തോണി ചോമ്പാല കേന്ദ്രീകരിച്ചും പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ മറ്റു കാലയളവിൽ കൊയിലാണ്ടി, ചോമ്പാൽ ഭാഗങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ബേപ്പൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രക്ഷാ ബോട്ട് ആണ് ഉപയോഗിക്കുന്നത്. ബേപ്പൂരിൽ നിന്നും ചോമ്പാൽ വരെ ബോട്ട് എത്തുന്നതിന് നാലര മണിക്കൂർ സമയം എടുക്കുന്നതുകൊണ്ടുള്ള കാലതാമസം രക്ഷാപ്രവർത്തനത്തിനും ഉണ്ടാകാറുണ്ട്. |
| ബി) | എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ബി) | പ്രശ്നം പരിഹരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ